195

ഭാരത സർക്കാർ

നിയമ മന്ത്രാലയം

# 1980-ലെ കരിഞ്ചന്ത തടയലും അവശ്യസാധനങ്ങളുടെ വിതരണം നിലനിറുത്തലും ആക്റ്റ്

**(1980-ലെ 7-ാം ആക്റ്റ്)**

(1988 മാർച്ച് 1-ാം തീയതി നിലവിലിരുന്നപ്രകാരം)

# The Prevention of Blackmarketing and Maintenance of Supplies of Essential Commodities Act, 1980

(Act No. 7 of 1980)

(As on 1st March, 1988)

വില:

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ്സ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്.
1988

# ആമുഖം

1988 മാർച്ച് 1-ാം തീയതി നിലവിലിരുന്നപ്രകാരമുള്ള 1980-ലെ കരിഞ്ചന്ത തടയലും അവശ്യസാധനങ്ങളുടെ വിതരണം നിലനിറുത്തലും ആക്റ്റിന്റെ (1980-ലെ 7-ാം ആക്റ്റ്) മലയാളത്തിലെ ആധികാരിക പരിഭാഷ ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 1988 ആഗസ്റ്റ് 2-ാം തീയതിയിലെ അസാധാരണ കേന്ദ്രഗസറ്റ് XI-ാം ഭാഗം 1-ാം വകുപ്പ്, 1-ാം വാല്യം 1-ാം നമ്പരായി 26 മുതൽ 31 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരുന്നു.

മലയാളത്തിലെ ഈ ആധികാരിക പരിഭാഷ 1973-ലെ ആധികാരികപാഠം (കേന്ദ്രനിയമങ്ങൾ) ആക്റ്റ് 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് പ്രസിഡന്റ് അധികാരപ്പെടുത്തിയപ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിന്മേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പരിഭാഷയായിത്തീരുകയും ചെയ്തു.

ന്യൂഡൽഹി,
2-8-1988.

എസ്. രാമയ്യ,
ഭാരത സർക്കാരിന്റെ സെക്രട്ടറി.

# PREFACE

This edition of the Prevention of Blackmarketing and Maintenance of Supplies of Essential Commodities Act, 1980 (Act 7 of 1980) as on 1st March, 1988 contains the authorised translation of that Act in Malayalam and the same was published in the Gazette of India Extraordinary Part XI Section I Vol. I, No. I dated 2nd August 1988 on pages 26 to 31.

This authorised translation in Malayalam was published under the authority of the President under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authorised translation of the Act in Malayalam.

New Delhi,
2-8-1988.

S. Ramaiah,
*Secretary to the Government of India.*

# 1980-ലെ കരിഞ്ചന്ത തടയലും അവശ്യസാധനങ്ങളുടെ വിതരണം നിലനിറുത്തലും ആക്റ്റ്

## വകുപ്പുകളുടെ വിന്യാസം


| വകുപ്പുകൾ | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും | 1 |
| 2. | നിർവ്വചനങ്ങൾ | 1 |
| 3. | ചില ആളുകളെ തടങ്കലിൽ വയ്ക്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ അധികാരം | 1 |
| 4. | തടങ്കൽ ഉത്തരവുകൾ നടത്തൽ | 2 |
| 5. | തടങ്കലിന്റെ സ്ഥലവും നിബന്ധനകളും ക്രമപ്പെടുത്തുന്നതിനുള്ള അധികാരം | 3 |
| 6. | തടങ്കൽ ഉത്തരവുകൾ ചില കാരണങ്ങളാൽ അസാധുവോ പ്രവർത്തനരഹിതമോ ആവുകയില്ലെന്ന് | 3 |
| 7. | ഒളിവിൽപോയ ആളുകളെ സംബന്ധിച്ച അധികാരങ്ങൾ | 3 |
| 8. | തടങ്കലിനുള്ള ഉത്തരവിന്റെ കാരണങ്ങൾ ഉത്തരവു ബാധകമാകുന്ന ആളുകളെ അറിയിക്കണമെന്ന് | 4 |
| 9. | ഉപദേശകസമിതികളുടെ രൂപീകരണം | 4 |
| 10. | ഉപദേശകസമിതിയിലേക്കുള്ള പരാമർശം | 4 |
| 11. | ഉപദേശകസമിതികളിലെ നടപടിക്രമം | 4 |
| 12. | ഉപദേശകസമിതിയുടെ റിപ്പോർട്ടിൻമേലുള്ള നടപടി | 5 |
| 13. | തടങ്കലിന്റെ പരമാവധി കാലയളവ് | 5 |
| 14. | തടങ്കൽഉത്തരവുകൾ പിൻവലിക്കൽ | 5 |
| 15. | തടങ്കലിൽ വച്ചിട്ടുള്ള ആളുകളുടെ താൽക്കാലികമോചനം | 5 |
| 16. | ഉത്തമവിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം | 6 |
| 17. | റദ്ദാക്കലും ഒഴിവാക്കലും | 6 |

# 1980-ലെ കരിഞ്ചന്ത തടയലും അവശ്യസാധനങ്ങളുടെ വിതരണം നിലനിറുത്തലും ആക്റ്റ്

(1980—ലെ 7—ാം ആക്റ്റ്)

(1988 മാർച്ച് 1-ാം തീയതിവരെ ഭേദഗതി ചെയ്ത പ്രകാരം)

(1980 ഫെബ്രുവരി 12)

കരിഞ്ചന്ത തടയുകയും സമൂഹത്തിൽ ആവശ്യമായ സാധനങ്ങളുടെ വിതരണം നിലനിറുത്തുകയും ചെയ്യുന്ന ആവശ്യത്തിലേക്ക് ചില സംഗതികളിൽ തടങ്കൽ നൽകുന്നതിനും അതുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കും വേണ്ടിയുള്ള ഒരു ആക്റ്റ്.

ഭാരത റിപ്പബ്ലിക്കിന്റെ മുപ്പത്തിഒന്നാം സംവത്സരത്തിൽ പാർലമെന്റ് താഴെ പറയുംപ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

1\. (1) ഈ ആക്റ്റിന് 1980—ലെ കരിഞ്ചന്ത തടയലും അവശ്യസാധനങ്ങളുടെ വിതരണം നിലനിറുത്തലും ആക്റ്റ് എന്ന് പേരു പറയാവുന്നതാണ്. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും

(2) ഇതിന് ജമ്മു—കാശ്മീർ സംസ്ഥാനംഒഴികെ ഭാരതം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് 1979 ഒക്ടോബർ അഞ്ചാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടുന്നതാണ്.

2\. ഈ ആക്റ്റിൽ, സന്ദർഭത്തിൽ മറ്റൊരർത്ഥം ആവശ്യമായിത്തീരുന്നിടത്തൊഴികെ,— നിർവ്വചനങ്ങൾ

(ക) ''സമുചിത സർക്കാർ'' എന്നാൽ, കേന്ദ്രസർക്കാരോ കേന്ദ്രസർക്കാരിന്റെ ഒരു ഉദ്യോഗസ്ഥനോ പുറപ്പെടുവിച്ച ഏതൊരു തടങ്കൽ ഉത്തരവിനെയും അങ്ങനെയുള്ള ഉത്തരവ് വഴി തടങ്കലിൽ വച്ചിട്ടുള്ള ആളെയും സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്നും സംസ്ഥാന സർക്കാരോ സംസ്ഥാന സർക്കാരിന്റെ ഒരു ഉദ്യോഗസ്ഥനോ പുറപ്പെടുവിച്ച ഏതൊരു തടങ്കൽ ഉത്തരവിനെയും അങ്ങനെയുള്ള ഉത്തരവുവഴി തടങ്കലിൽ വച്ചിട്ടുള്ള ആളെയും സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്നും അർത്ഥമാകുന്നു;

(ഖ) ''തടങ്കൽ ഉത്തരവ്'' എന്നാൽ 3—ാം വകുപ്പ്പ്രകാരം പുറപ്പെടുവിച്ച ഒരു ഉത്തരവ് എന്ന് അർത്ഥമാകുന്നു;

(ഗ) ''സംസ്ഥാന സർക്കാർ'' എന്നാൽ, കേന്ദ്ര ഭരണപ്രദേശം സംബന്ധിച്ച്, അതിന്റെ ഭരണകർത്താവ് എന്ന് അർത്ഥമാകുന്നു.

3\. (1) കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ, ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കു കേന്ദ്ര സർക്കാർ പ്രത്യേകമായി അധികാരപ്പെടുത്തിയിട്ടുള്ള ആ സർക്കാരിന്റെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഏതൊരു ഉദ്യോഗസ്ഥനുമോ അല്ലെങ്കിൽ ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് സംസ്ഥാന സർക്കാർ പ്രത്യേകമായി അധികാരപ്പെടുത്തിയിട്ടുള്ള ആ സർക്കാരിന്റെ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഏതൊരു ഉദ്യോഗസ്ഥനുമോ സമൂഹത്തിന് അവശ്യംവേണ്ട സാധനങ്ങളുടെ വിതരണം നിലനിറുത്തിപ്പോരുന്നതിന് ഏതെങ്കിലും വിധത്തിൽ ഭംഗം വരുത്തുന്ന രീതിയിൽ പ്രവർത്തിക്കുന്നതിൽനിന്നും ഏതെങ്കിലും ആളെ തടയേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യമാകുന്നപക്ഷം, ആ ആളെ തടങ്കലിൽ വയ്ക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കാവുന്നതാണ്. ചില ആളുകളെ തടങ്കലിൽ വയ്ക്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ അധികാരം

വിശദീകരണം.—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക്, ''സമൂഹത്തിന് അവശ്യംവേണ്ട സാധനങ്ങളുടെ വിതരണം നിലനിറുത്തിപ്പോരുന്നതിന് ഏതെങ്കിലും വിധത്തിൽ ഭംഗം വരുത്തുന്ന രീതിയിൽ പ്രവർത്തിക്കുക'' എന്ന പ്രയോഗത്തിന്—

(ക) 1955—ലെ അവശ്യസാധന ആക്റ്റ് അനുസരിച്ചോ തത്സമയം നിലവിലുള്ള മറ്റേതെങ്കിലും നിയമം അനുസരിച്ചോ സമൂഹത്തിന് അവശ്യ- 1955 ലെ 10

വേണ്ട ഏതെങ്കിലും സാധനത്തിന്റെ ഉൽപ്പാദനം, നിയന്ത്രണം, സംഭരണം, വിതരണം ഇവയുടെ നിയന്ത്രണവും അതിന്റെ വ്യാപാരവും വാണിജ്യവും സംബന്ധിച്ച് ശിക്ഷാർഹമായ ഏതെങ്കിലും കുററം ചെയ്യുന്നതോ ആരെയെങ്കിലും കുററം ചെയ്യുന്നതിന് പ്രേരിപ്പിക്കുന്നതോ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും രീതിയിൽ ലാഭം ഉണ്ടാക്കണം എന്ന ഉദ്ദേശത്തോടുകൂടി, ഒരു സാധനം—

1955-ലെ 10 (i) 1955–ലെ അവശ്യസാധന ആക്ററിൽ നിർവ്വചിച്ചിട്ടുള്ളപ്രകാരം ഉള്ള ഒരു അവശ്യസാധനം ആയിരിക്കുകയോ, അല്ലെങ്കിൽ

(ii) അത് സംബന്ധിച്ച് (ക) ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള മററ് ഏതെങ്കിലും നിയമത്തിൽ വ്യവസ്ഥചെയ്തിരിക്കുകയോ,

ചെയ്തിരിക്കുന്നിടത്ത്,

ആ ആക്ററിലേയോ മുകളിൽ പറഞ്ഞിട്ടുള്ള മററ് ഏതെങ്കിലും നിയമത്തിലേയോ വ്യവസ്ഥകൾ പ്രത്യക്ഷമായോ പരോക്ഷമായോ വിഫലമാക്കുകയോ വിഫലമാക്കുവാൻ സാദ്ധ്യതയുള്ളതോ ആയ രീതിയിൽ, ആ സാധനം കൈകാര്യം ചെയ്യുകയോ,

എന്ന് അർത്ഥമാകുന്നു.

(2) താഴെ പറയുന്ന ഏതൊരു ഉദ്യോഗസ്ഥനും, അതായത്:—

(ക) ജില്ലാ മജിസ്ട്രേട്ട്മാർക്കും;

(ഖ) പോലീസ് കമ്മീഷണർമാരെ നിയമിച്ചിട്ടുള്ളിടത്ത്, അവർക്കും, (1)–ാം ഉപവകുപ്പിൽ വ്യവസ്ഥചെയ്തിട്ടുള്ളതുപോലെ അവർക്കു ബോദ്ധ്യമാകുന്നപക്ഷം ആ ഉപവകുപ്പ് നൽകുന്ന അധികാരങ്ങൾ പ്രയോഗിക്കാവുന്നതാണ്.

(3) (2)–ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള ഒരു ഉദ്യോഗസ്ഥൻ ഈ വകുപ്പു പ്രകാരം ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ, ഉത്തരവ് പുറപ്പെടുവിക്കാനുള്ള കാരണങ്ങളും അയാളുടെ അഭിപ്രായത്തിൽ സംഗതിയോടു ബന്ധപ്പെട്ട മററു വിവരങ്ങളുംസഹിതം ആ വിവരം ഉടനെതന്നെ അയാൾ വിധേയനായിരിക്കുന്ന സംസ്ഥാന സർക്കാരിന് റിപ്പോർട്ട് ചെയ്യേണ്ടതും, അങ്ങനെയുള്ള യാതൊരു ഉത്തരവും അതു പുറപ്പെടുവിച്ച് പന്ത്രണ്ട് ദിവസത്തിനകം സംസ്ഥാന സർക്കാർ അംഗീകരിക്കാത്തപക്ഷം അതിന് ആ കാലയളവിനുശേഷം പ്രാബല്യമുണ്ടായിരിക്കുന്നതല്ല:

എന്നാൽ 3–ാം വകുപ്പുപ്രകാരം തടങ്കലിന്റെ കാരണങ്ങൾ, തടങ്കൽ തീയതി മുതൽ അഞ്ചു ദിവസത്തിനുശേഷവും എന്നാൽ പത്തു ദിവസത്തിനകവും ആ ഉത്തരവു പുറപ്പെടുവിക്കുന്ന അധികാരസ്ഥാനം അറിയിക്കുന്നിടത്ത്, ''പന്ത്രണ്ടു ദിവസം'' എന്ന പദങ്ങൾക്കുപകരം ''പതിനഞ്ചു ദിവസം'' എന്ന പദങ്ങൾ പകരം ചേർക്കണം എന്ന ഭേദഗതിക്ക് വിധേയമായി ഈ ഉപവകുപ്പ് ബാധകമാകുന്നതാണ്.

(4) ഈ വകുപ്പുപ്രകാരം സംസ്ഥാന സർക്കാർ ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിക്കുകയോ അംഗീകരിക്കുകയോ ചെയ്യുമ്പോഴും (1)–ാം ഉപവകുപ്പ് പ്രകാരം പ്രത്യേകമായി അധികാരപ്പെടുത്തിയിട്ടുള്ള, സംസ്ഥാന സർക്കാരിന്റെ സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത, ആ സർക്കാരിന്റെ ഒരു ഉദ്യോഗസ്ഥൻ ഈ വകുപ്പുപ്രകാരം ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിക്കുമ്പോഴും സംസ്ഥാന സർക്കാർ ഏഴു ദിവസത്തിനകം ആ വിവരം, ആ ഉത്തരവ് പുറപ്പെടുവിക്കാനുള്ള കാരണങ്ങളും, സംസ്ഥാന സർക്കാരിന്റെ അഭിപ്രായത്തിൽ ആ ഉത്തരവിന്റെ ആവശ്യകതയുമായി ബന്ധപ്പെട്ട മററു വിവരങ്ങളും സഹിതം, കേന്ദ്രസർക്കാരിന് റിപ്പോർട്ടുചെയ്യേണ്ടതാണ്.

തടങ്കൽ ഉത്തരവുകൾ നടത്തൽ 1974-ലെ 2

4. 1973–ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ അറസ്ററ് വാറണ്ട് നടത്തുന്നതിന് വ്യവസ്ഥചെയ്തിട്ടുള്ള രീതിയിൽ ഒരു തടങ്കൽ ഉത്തരവ് ഭാരതത്തിൽ ഏതു സ്ഥലത്തുവച്ചും നടത്താവുന്നതാണ്.

*തടങ്കലിന്റെ സ്ഥലവും നിബന്ധനകളും ക്രമപ്പെടുത്തുന്നതിനുള്ള അധികാരം*

5. ആരെ സംബന്ധിച്ചാണോ ഒരു തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്, അങ്ങനെയുള്ള ഓരോ ആളും—

(ക) സമുചിത സർക്കാർ പൊതുവായോ പ്രത്യേകമായോ ഉള്ള ഉത്തരവു വഴി വിനിർദ്ദേശിക്കുന്ന സ്ഥലത്തും, സംരക്ഷണം, അച്ചടക്കപാലനം, അച്ചടക്ക ലംഘനത്തിനുള്ള ശിക്ഷ എന്നിവ സംബന്ധിച്ച നിബന്ധനകൾ ഉൾപ്പെടെയുള്ള നിബന്ധനകൾ പ്രകാരവും തടങ്കലിനും;

(ഖ) സമുചിത സർക്കാരിന്റെ ഉത്തരവുവഴി ഒരു തടങ്കൽ സ്ഥലത്തു നിന്ന് അതേ സംസ്ഥാനത്തിനകത്തോ മറ്റൊരു സംസ്ഥാനത്തിലോ ഉള്ള മറ്റൊരു തടങ്കൽ സ്ഥലത്തേക്കുള്ള മാറ്റത്തിനും,

അർഹനായിരിക്കുന്നതും ആകുന്നു:

എന്നാൽ (ഖ) ഖണ്ഡം അനുസരിച്ച് ഒരു സംസ്ഥാന സർക്കാർ ഒരാളെ ഒരു സംസ്ഥാനത്തുനിന്നും മറ്റൊരു സംസ്ഥാനത്തേക്ക് മാറ്റുന്നതിനുള്ള ഉത്തരവ്, ആ സംസ്ഥാന സർക്കാരിന്റെ സമ്മതം കൂടാതെ പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

*തടങ്കൽ ഉത്തരവുകൾ ചില കാരണങ്ങളാൽ അസാധുവോ പ്രവർത്തനരഹിതമോ ആവുകയില്ലെന്ന്*

6. യാതൊരു തടങ്കൽ ഉത്തരവും—

(ക) ആ ഉത്തരവുവഴി തടങ്കലിൽ വയ്ക്കേണ്ട ആൾ ഉത്തരവു പുറപ്പെടുവിക്കുന്ന സർക്കാരിന്റെയോ ഉദ്യോഗസ്ഥന്റെയോ പ്രാദേശിക അധികാരിതയുടെ പരിധിക്ക് വെളിയിലായതുകൊണ്ടോ;

(ഖ) അങ്ങനെയുള്ള ആളെ തടങ്കലിൽ വയ്ക്കുന്ന സ്ഥലം മേൽ പറഞ്ഞ പരിധിക്ക് വെളിയിലായതുകൊണ്ടോ,

മാത്രം അസാധുവോ പ്രവർത്തനരഹിതമോ ആകുന്നതല്ല.

*ഒളിവിൽ പോയ ആളുകളെ സംബന്ധിച്ച അധികാരങ്ങൾ*

7. (1) ആരെ സംബന്ധിച്ചാണോ തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ആ ഉത്തരവു നടത്താൻ സാദ്ധ്യമല്ലാത്തവിധം അയാൾ ഒളിവിൽ പോയിരിക്കുകയാണെന്നോ, അയാൾ സ്വയം ഒളിച്ചിരിക്കുകയാണെന്നോ, സമുചിത സർക്കാരോ 3–ാം വകുപ്പിലെ (2)–ാം ഉപവകുപ്പിൽ പ്രസ്താവിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥനോ, അതതു സംഗതിപോലെ, വിശ്വസിക്കാൻ കാരണമുള്ളപക്ഷം, ആ സർക്കാർ അഥവാ ആ ഉദ്യോഗസ്ഥൻ—

(ക) മുകളിൽ പറഞ്ഞ ആൾ സാധാരണയായി താമസിക്കുന്ന സ്ഥലത്ത് അധികാരിത പ്രയോഗിക്കുന്ന മെട്രോപോളിറ്റൻ മജിസ്ട്രേറ്റിനോ ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേട്ടിനോ ആ വസ്തുതയെപ്പറ്റി രേഖാമൂലമായി റിപ്പോർട്ടു ചെയ്യേണ്ടതും; അതിൻമേൽ 1973–ലെ ക്രിമിനൽ നടപടി നിയമസംഹിത, 82, 83, 84, 85 എന്നീ വകുപ്പുകളിലെ വ്യവസ്ഥകൾ, അയാളെ തടങ്കലിൽ വയ്ക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള ഉത്തരവ് മജിസ്ട്രേട്ട് പുറപ്പെടുവിച്ച ഒരു വാറണ്ട് ആയിരുന്നാൽ എന്നതുപോലെ അയാൾക്കും, അയാളുടെ വസ്തുവിനും ബാധകമാകുന്നതും ആകുന്നു; 1974-ലെ 2

(ഖ) ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന ഉത്തരവുവഴി അങ്ങനെയുള്ള ആൾ ആ ഉത്തരവിൽ വിനിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥന്റെ മുമ്പാകെ, അങ്ങനെ വിനിർദ്ദേശിക്കുന്ന സ്ഥലത്തും കാലാവധിക്കുള്ളിലും ഹാജരാകുന്നതിന് നിർദ്ദേശിക്കാവുന്നതും; എന്നാൽ പ്രസ്തുത ആൾ അങ്ങനെയുള്ള നിർദ്ദേശത്തെ അനുസരിക്കാതിരിക്കുന്നു എങ്കിൽ, ആ നിർദ്ദേശം അനുസരിക്കുവാൻ തനിക്ക് സാദ്ധ്യമായിരുന്നില്ലായെന്നും ഉത്തരവിൽ പറഞ്ഞിരിക്കുന്ന കാലയളവിനുള്ളിൽ അതിൽ പറഞ്ഞിരുന്ന ഉദ്യോഗസ്ഥനെ അങ്ങനെ അനുസരിക്കുന്നത് അസാദ്ധ്യമാക്കിത്തീർത്ത കാരണങ്ങൾ എന്താണെന്നും തന്റെ ചുറ്റുപാടുകളും അറിയിച്ചിരുന്നുവെന്ന് അയാൾ തെളിയിക്കാത്തപക്ഷം, അയാളെ ഒരു വർഷത്തോളം ആകാവുന്ന കാലത്തേക്ക് തടവിനോ പിഴയ്ക്കോ രണ്ടിനും കൂടിയോ ശിക്ഷിക്കേണ്ടതും ആകുന്നു.

(2) 1973–ലെ ക്രിമിനൽ നടപടി നിയമസംഹിതയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, (1)–ാം ഉപവകുപ്പ് (ഖ) ഖണ്ഡപ്രകാരമുള്ള എല്ലാ കുറ്റങ്ങളും കോഗ്നൈസിബിൾ ആയിരിക്കുന്നതാണ്. 1974-ലെ 2

3296/J.

**തടങ്കലിനുള്ള ഉത്തരവിന്റെ കാരണങ്ങൾ ഉത്തരവു ബാധകമാകുന്ന ആളുകളെ അറിയിക്കണമെന്ന്**

8. (1) ഒരു തടങ്കൽ ഉത്തരവിന് അനുസൃതമായി ഒരാളെ തടങ്കലിൽ വയ്ക്കുമ്പോൾ, ആ ഉത്തരവ് പുറപ്പെടുവിക്കുന്ന അധികാരസ്ഥാനം കഴിയുന്നതും വേഗം, സാധാരണ ഗതിയിൽ തടങ്കലിൽ വയ്ക്കുന്ന തീയതിമുതൽ അഞ്ചു ദിവസങ്ങൾക്കകവും അസാധാരണ സാഹചര്യങ്ങളിൽ ലിഖിതമായി രേഖപ്പെടുത്തിയ കാരണങ്ങൾക്ക് പത്തുദിവസത്തിനകവും, ഉത്തരവു പുറപ്പെടുവിക്കാനുള്ള കാരണങ്ങൾ അയാളെ അറിയിക്കേണ്ടതും, ഉത്തരവിനെതിരായി സമുചിത സർക്കാരിന് നിവേദനം നൽകുന്നതിന് അയാൾക്ക് കഴിയുന്നത്ര നേരത്തെ അവസരം നൽകേണ്ടതും ആകുന്നു.

(2) (1)-ാം ഉപവകുപ്പിലുള്ള യാതൊന്നും പൊതു താത്പര്യത്തിന് വിരുദ്ധമെന്ന് അധികാരസ്ഥാനം കരുതുന്ന വസ്തുതകൾ വെളിപ്പെടുത്തുന്നതിന് അതിനെ നിർബന്ധിക്കുന്നില്ല.

**ഉപദേശക സമിതികളുടെ രൂപീകരണം**

9. (1) കേന്ദ്ര സർക്കാരിനും ഓരോ സംസ്ഥാന സർക്കാരിനും ആവശ്യം ഉള്ളപ്പോഴെല്ലാം ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഒന്നോ അതിൽകൂടുതലോ ഉപദേശകസമിതികൾ രൂപീകരിക്കാവുന്നതാണ്.

(2) അങ്ങനെയുള്ള ഓരോ സമിതിയും ഹൈക്കോടതിയിലെ ജഡ്ജിയായിരിക്കുന്നവരോ, ആയിരുന്നതോ അല്ലെങ്കിൽ ജഡ്ജിയായി നിയമിക്കാൻ യോഗ്യതയുള്ളതോ ആയ മൂന്ന് ആളുകൾ അടങ്ങിയതായിരിക്കേണ്ടതും അങ്ങനെയുള്ള ആളുകളെ സമുചിത സർക്കാർ നിയമിക്കേണ്ടതും ആകുന്നു.

(3) സമുചിത സർക്കാർ ഉപദേശകസമിതിയിലെ അംഗങ്ങളിൽ ഹൈക്കോടതി ജഡ്ജി ആയിരിക്കുന്നതോ, ആയിരുന്നതോ ആയ ഒരാളെ അതിന്റെ അദ്ധ്യക്ഷനായി നിയമിക്കേണ്ടതും, ഒരു യൂണിയൻ പ്രദേശത്തിന്റെ സംഗതിയിൽ, ഉപദേശകസമിതിയിലേക്ക് ഒരു സംസ്ഥാന ഹൈക്കോടതിയിലെ ജഡ്ജി ആയിരിക്കുന്ന ഒരാളെ നിയമിക്കുന്നതു ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി ആയിരിക്കേണ്ടതും, ആകുന്നു.

**ഉപദേശക സമിതിയിലേക്കുള്ള പരാമർശം**

10. ഈ ആക്റ്റിൽ മററു വിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ളിടത്തൊഴികെ, ഈ ആക്റ്റുപ്രകാരം തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള ഏതൊരു സംഗതിയിലും, സമുചിത സർക്കാർ ഉത്തരവ്പ്രകാരം ഒരാളെ തടങ്കലിൽവച്ച തീയതിമുതൽ മൂന്നാഴ്ചയ്ക്കകം, ഉത്തരവു പുറപ്പെടുവിക്കാനുള്ള കാരണങ്ങളും ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ആൾ ഏതെങ്കിലും നിവേദനം നൽകിയിട്ടുണ്ടെങ്കിൽ അതും 3-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള ഒരു ഉദ്യോഗസ്ഥൻ ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ള സംഗതിയിൽ അങ്ങനെയുള്ള ഉദ്യോഗസ്ഥൻ ആ വകുപ്പ് (3)-ാം ഉപവകുപ്പ്പ്രകാരം സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടോടുകൂടി 9-ാം വകുപ്പ്പ്രകാരം രൂപീകരിച്ചിട്ടുള്ള ഉപദേശകസമിതിമുൻപാകെ വയ്ക്കേണ്ടതാണ്.

**ഉപദേശകസമിതികളിലെ നടപടിക്രമം**

11. (1) ഉപദേശകസമിതിഅതിന്റെ മുൻപാകെ സമർപ്പിച്ചിട്ടുള്ള കാര്യങ്ങൾ പരിഗണിച്ചതിനുശേഷവും, സമുചിത സർക്കാരിൽനിന്നോ അല്ലെങ്കിൽ സമുചിത സർക്കാർവഴി ഈ ആവശ്യത്തിനായി ക്ഷണിച്ചുവരുത്തിയിട്ടുള്ള ഏതെങ്കിലും ആളിൽനിന്നോ അല്ലെങ്കിൽ ബന്ധപ്പെട്ട ആളിൽനിന്നോ കൂടുതൽ വിവരങ്ങൾ അറിയണമെന്ന് കരുതുന്നപക്ഷം അവ ആവശ്യപ്പെട്ടു വരുത്തിയശേഷവും ഏതെങ്കിലും പ്രത്യേക സംഗതിയിൽ ബന്ധപ്പെട്ട ആളെ കേൾക്കുന്നത് അത്യാവശ്യമാണെന്ന് സമിതി കരുതുകയോ തന്നെ കേൾക്കണമെന്ന് ആ ആൾ ആവശ്യപ്പെടുകയോ ചെയ്യുന്നപക്ഷം ആ ആളെ കേട്ടതിനുശേഷവും, ബന്ധപ്പെട്ട ആളിന്റെ തടങ്കൽ തീയതിമുതൽ ഏഴു ആഴ്ചയ്ക്കകം സമുചിത സർക്കാരിന് ഉപദേശക സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(2) ഉപദേശകസമിതിയുടെ റിപ്പോർട്ടിൽ, ബന്ധപ്പെട്ട ആളിനെ തടങ്കലിൽ വയ്ക്കുന്നതിന് മതിയായ കാരണമുണ്ടോ ഇല്ലയോ എന്നതു സംബന്ധിച്ച് ഉപദേശകസമിതിയുടെ അഭിപ്രായം റിപ്പോർട്ടിന്റെ ഒരു പ്രത്യേക ഭാഗത്ത് വിനിർദ്ദേശിക്കേണ്ടതാണ്.

(3) ഉപദേശകസമിതിയിലുള്ള അംഗങ്ങൾക്കിടയിൽ അഭിപ്രായ വ്യത്യാസം ഉള്ളപ്പോൾ അംഗങ്ങളിൽ ഭൂരിപക്ഷത്തിന്റെ അഭിപ്രായം സമിതിയുടെ അഭിപ്രായമായി കരുതപ്പെടുന്നതാണ്.

(4) ഈ വകുപ്പിലെ യാതൊന്നും ഒരു തടങ്കൽ ഉത്തരവ് ആർക്കെതിരെയാണോ പുറപ്പെടുവിച്ചിട്ടുള്ളത് അങ്ങനെയുള്ള യാതൊരാൾക്കും, ഉപദേശകസമിതിയിലേക്ക് പരാമർശിച്ചിട്ടുള്ള യാതൊരു സംഗതി സംബന്ധിച്ചും ഒരു അഭിഭാഷകൻമുഖേന ഹാജരാകാൻ അവകാശം നൽകുന്നതല്ലാത്തതും ഉപദേശകസമിതിയുടെ റിപ്പോർട്ടിൽ ഏത് ഭാഗത്താണോ സമിതിയുടെ അഭിപ്രായം വിനിർദ്ദേശിച്ചിട്ടുള്ളത് ആ ഭാഗം ഒഴിച്ചുള്ള ഉപദേശകസമിതിയുടെ നടപടികളും റിപ്പോർട്ടും ഗോപ്യമായിരിക്കുന്നതും ആകുന്നു.

ഉപദേശകസമിതിയുടെ റിപ്പോർട്ടിൻമേലുള്ള നടപടി

12. (1) തങ്ങളുടെ അഭിപ്രായത്തിൽ ഒരാളുടെ തടങ്കലിന് മതിയായ കാരണങ്ങളുണ്ടെന്ന് ഉപദേശകസമിതി റിപ്പോർട്ട് ചെയ്യുന്ന ഏതു സംഗതിയിലും, സമുചിത സർക്കാരിന് തടങ്കൽ ഉത്തരവ് സ്ഥിരീകരിക്കാവുന്നതും അതിന് യുക്തമെന്നു തോന്നുന്ന കാലത്തേക്ക് ബന്ധപ്പെട്ട ആളിന്റെ തടങ്കൽ തുടരാവുന്നതും ആകുന്നു.

(2) ഉപദേശകസമിതി തങ്ങളുടെ അഭിപ്രായത്തിൽ ബന്ധപ്പെട്ട ആളിന്റെ തടങ്കലിന് മതിയായ കാരണമില്ലെന്ന് റിപ്പോർട്ടുചെയ്യുന്ന ഏതു സംഗതിയിലും, സമുചിത സർക്കാർ തടങ്കൽ ഉത്തരവ് പിൻവലിക്കേണ്ടതും ആളെ ഉടനടി മോചിപ്പിക്കേണ്ടതും ആകുന്നു.

തടങ്കലിന്റെ പരമാവധി കാലയളവ്

13. 12-ാം വകുപ്പുപ്രകാരം സ്ഥിരീകരിച്ച ഏതെങ്കിലും തടങ്കൽ ഉത്തരവിന് അനുസൃതമായി തടങ്കലിൽവയ്ക്കുന്ന ഏതൊരാളുടെയും പരമാവധി തടങ്കൽ കാലയളവ് തടങ്കൽ തീയതി മുതൽ ആറുമാസം ആയിരിക്കുന്നതാണ്:

എന്നാൽ ഈ വകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നുംതന്നെ, തടങ്കൽ ഉത്തരവ് ഏതൊരു സമയത്തും പിൻവലിക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ ഉള്ള സമുചിത സർക്കാരിന്റെ അധികാരത്തെ ബാധിക്കുന്നതല്ല.

തടങ്കൽ ഉത്തരവുകൾ പിൻവലിക്കൽ 1897-ലെ 10

14. (1) 1897-ലെ സാമാന്യഖണ്ഡം ആക്റ്റ്, 21-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗം വരുത്താതെ ഒരു തടങ്കൽ ഉത്തരവ്—

(ക) ആ ഉത്തരവ് സംസ്ഥാന സർക്കാരിന്റെ ഒരു ഉദ്യോഗസ്ഥൻ പുറപ്പെടുവിച്ചിട്ടുള്ളതായിരുന്നാൽത്തന്നെയും, ആ സംസ്ഥാന സർക്കാരിനോ കേന്ദ്ര സർക്കാരിനോ;

(ഖ) ആ ഉത്തരവ് കേന്ദ്ര സർക്കാരിന്റെ ഒരു ഉദ്യോഗസ്ഥനോ ഒരു സംസ്ഥാന സർക്കാരോ പുറപ്പെടുവിച്ചതായിരുന്നാൽത്തന്നെയും കേന്ദ്രസർക്കാരിനോ,

ഏതു സമയത്തും പിൻവലിക്കാവുന്നതും ഭേദഗതി ചെയ്യാവുന്നതും ആകുന്നു.

(2) ഒരു തടങ്കൽ ഉത്തരവ് പിൻവലിക്കുന്നതും അതിന്റെ കാലാവധി തീരുന്നതും ഉത്തരവ് പിൻവലിച്ചതിന്റെയോ കാലാവധി തീർന്നതിന്റെയോ തീയതിക്കുശേഷം പുതിയ വസ്തുതകൾ പുറത്തുവരുമ്പോൾ കേന്ദ്ര സർക്കാരിനോ സംസ്ഥാന സർക്കാരിനോ ഒരു ഉദ്യോഗസ്ഥനോ, അതതു സംഗതിപോലെ, പുതിയ ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ് എന്ന് ബോദ്ധ്യമായാൽ 3-ാം വകുപ്പ്പ്രകാരം അതേ ആളിനെതിരായി അങ്ങനെയുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നതിന് തടസ്സമാകുന്നതല്ല.

തടങ്കലിൽ വച്ചിട്ടുള്ള ആളുകളുടെ താത്ക്കാലിക മോചനം

15. (1) സമുചിത സർക്കാരിന് ഏതു സമയത്തും ഒരു തടങ്കൽ ഉത്തരവ് അനുസരിച്ച് തടങ്കലിൽ വച്ചിട്ടുള്ള ഏതൊരാളെയും നിബന്ധനകൾ കൂടാതെയോ അല്ലെങ്കിൽ നിദേശത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ അയാൾ സ്വീകരിക്കുന്നതിൻമേലോ ഏതു വിനിർദ്ദിഷ്ട കാലയളവിലേക്കും മോചിപ്പിക്കുന്നതിന് നിദേശിക്കാവുന്നതും അയാളുടെ മോചനം ഏത് സമയത്തും റദ്ദുചെയ്യാവുന്നതും ആകുന്നു.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഒരാളെ മോചിപ്പിച്ചുകൊണ്ടുള്ള ഒരു നിദേശത്തിൽ, സർക്കാരിന് നിദേശത്തിൽ വിനിർദ്ദേശം ചെയ്തിട്ടുള്ള നിബന്ധനകൾ യഥാവിധി പാലിക്കുന്നതിന് ജാമ്യക്കാർ സഹിതമോ കൂടാതെയോ ഒരു ബോണ്ടിൽ ഏർപ്പെടുന്നതിന് അയാളോട് ആവശ്യപ്പെടാവുന്നതാണ്.

(3) (1)–ാം ഉപവകുപ്പ് പ്രകാരം മോചിപ്പിച്ച ഏതൊരാളും അയാളു മോചനം നിദേശിച്ചുകൊണ്ടോ മോചനം റദ്ദുചെയ്തുകൊണ്ടോ, അത സംഗതിപോലെ, ഉള്ള ഉത്തരവിൽ വിനിർദ്ദേശിച്ചിട്ടുള്ള സമയത്തും സ്ഥലത്തു വിനിർദ്ദേശിച്ചിട്ടുള്ള അധികാരസ്ഥാനത്തിന് സ്വയം കീഴടങ്ങേണ്ടതാണ്.

(4) മതിയായ കാരണംകൂടാതെ (3)–ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള രീതിയിൽ സ്വയം കീഴടങ്ങുവാൻ ഏതെങ്കിലും ആൾ വീഴ്ച വരുത്തുന്നപക്ഷം അയാളെ രണ്ടു കൊല്ലത്തോളം ആകാവുന്ന തടവിനോ പിഴയ്ക്കോ രണ്ടിനും കൂടിയോ ശിക്ഷിക്കാവുന്നതാണ്.

(5) (1)–ാം ഉപവകുപ്പുപ്രകാരം മോചിപ്പിച്ചിട്ടുള്ള ഏതൊരാളും അയാളുടെ മേൽ പ്രസ്തുത ഉപവകുപ്പുപ്രകാരമോ അയാൾ ഏർപ്പെട്ടിട്ടുള്ള ബോണ്ടിലോ ചുമത്തിയിട്ടുള്ള ഏതെങ്കിലും നിബന്ധനകൾ നിറവേററുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം, ബോണ്ട് കണ്ടുകെട്ടിയതായി പ്രഖ്യാപിക്കാവുന്നതും അപ്രകാരം ബാദ്ധ്യതയുള്ള ഏതൊരാളും അതിന്റെ പിഴ കൊടുക്കേണ്ടതും ആകുന്നു.

ഉത്തമ വിശ്വാസ പൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം

16. ഈ ആക്ററ് അനുസരിച്ച് ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതൊരു കാര്യത്തിനും കേന്ദ്രസർക്കാരിനോ സംസ്ഥാന സർക്കാരിനോ എതിരായി യാതൊരു വ്യവഹാരവും മററു നിയമനടപടിയും നിലനിൽക്കുന്നതല്ലാത്തതും ഏതെങ്കിലും ആൾക്കെതിരായി വ്യവഹാരവും പ്രോസിക്യൂഷനും മററ് നടപടികളും നിലനിൽക്കുന്നതല്ലാത്തതും ആകുന്നു.

റദ്ദാക്കലും ഒഴിവാക്കലും 1979-ലെ 10

17. (1) 1979–ലെ കരിഞ്ചന്ത തടയലും അവശ്യസാധനങ്ങളുടെ വിതരണം നിലനിർത്തലും ഓർഡിനൻസ്, ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അപ്രകാരം റദ്ദാക്കിയിരുന്നാൽത്തന്നെയും ആ ഓർഡിനൻസ് അനുസരിച്ച് ചെയ്ത ഏത് കാര്യവും എടുത്ത ഏതു നടപടിയും ഈ ആക്ററിലെ തത്സ്ഥാനീയ വ്യവസ്ഥകൾപ്രകാരം ചെയ്തതും എടുത്തതും ആയി കരുതപ്പെടുന്നതാണ്.

---